# Dakshina Kerala Jam-iyyathul Ulama

## ജുമുഅ: പ്രസംഗം. റജബ് ചിന്തകൾ - 2

## (ഇസ്റാഅ്, മിഅ്റാജിന്റെ പാഠങ്ങൾ)

﴿سُبْحَانَ الَّذِي أَسْرَىٰ بِعَبْدِهِ لَيْلًا مِّنَ الْمَسْجِدِ الْحَرَامِ إِلَى الْمَسْجِدِ الْأَقْصَى الَّذِي بَارَكْنَا حَوْلَهُ لِنُرِيَهُ مِنْ آيَاتِنَا ۚ إِنَّهُ هُوَ السَّمِيعُ الْبَصِيرُ﴾ ﴿الإسراء ١﴾

നബി (സ) യുടെ ജീവിതത്തിലെ ഏറ്റവും പരീക്ഷണം നിറഞ്ഞ കാലമായിരുന്നു ആമുൽ ഹുസ്ൻ. കാരണം.

1. അബൂത്വാലിബിന്റെ മരണം (നബി (സ) യുടെ സുരക്ഷ അദ്ദേഹമായിരുന്നു ഏറ്റെടുത്തത്)

وَاللَّهِ لَن يَصِلوا إِلَيكَ بِجَمعِهِم * حَتّى أُوَسَّدَ في التُرابِ دَفينا

(എന്നെ മണ്ണിൽ വെക്കാതെ തൊടാൻ പറ്റില്ല..)

2. ഖദീജ (റ)യുടെ വഫാത്ത്. ( അവരായിരുന്നു എന്നും ആശ്വാസം)

كَلا، أَبْشِرْ، فَوَاللهِ لا يُخْزِيكَ اللهُ أَبَدًا، وَاللهِ إِنَّكَ لَتَصِلُ الرَّحِمَ، وَتَصْدُقُ الْحَدِيثَ، وَتَحمِلُ الْكَلَّ، وَتَكْسِبُ الْمَعْدُومَ، وَتَقْرِي الضَّيْفَ، وَتُعِينُ عَلَى نَوَائِبِ الْحَقِّ..

ഈ രണ്ട് മരണത്തോടെ സുരക്ഷയും, ആശ്വാസവും നഷ്ടമായി. തുടർന്ന് അഭയം തേടി ത്വാഇഫിലേക്ക്, കൈപ്പേറിയ പ്രതികരണം.*ഈ സന്ദർഭത്തിലാണ് പ്രതീക്ഷയുടെയും ആശ്വാസത്തിന്റെയും വഴിതുറന്ന് ഇസ്റാഅ്, മിഅ്റാജ് ഉണ്ടായത്..

سُبْحَانَ الَّذِي..... / حديث مشكوة ٥٢٦

ഇത് ശാരീരികമായിരുന്നു. കാരണം:

1. സ്വപ്നമാണെങ്കിൽ ഖുറൈശികൾ കോലാഹലം ഉണ്ടാക്കില്ലായിരുന്നു.

2. عَبْد എന്ന പ്രയോഗം മനുഷ്യ ശരീരത്തെ സൂചിപ്പിക്കുന്നു.

وكلمة عبده تشمل روحه وجسده ( إبن كثير)

ഈ സംഭവം നാട്ടിൽ വലിയ കോലാഹലം സൃഷ്ടിച്ചു. (ഖുറൈശികളും ജൂതന്മാരും) അബൂബക്കർ (റ) സ്ഥലത്ത് ഉണ്ടായിരുന്നില്ല. യാത്രകഴിഞ്ഞ് വരവേ അദ്ദേഹത്തെ ശത്രുക്കൾ കണ്ടു. പലരും മുർതദ്ദായ കാര്യം പറഞ്ഞു. പക്ഷേ അദ്ദേഹം ദൃഢവിശ്വാസം പ്രഖ്യാപിച്ചു..

قَالَ أَبو بَكْرٍ رَضِيَ اللَّهُ عَنْهُ: أَوَ قَالَ ذَلِكَ ؟ قَالُوا : نَعَمْ ، قَالَ : لَئِنْ كَانَ قَالَ ذَلِكَ لَقَدْ صَدَقَ ، قَالُوا : وَتُصَدِّقُهُ أَنَّهُ ذَهَبَ اللَّيْلَةَ إِلَى بَيْتِ الْمَقْدِسِ ، وَجَاءَ قَبْلَ أَنْ يُصْبِحَ ؟ قَالَ : نَعَمْ ، إِنِّي لأُصَدِّقُهُ بِمَا هُوَ أَبْعَدُ مِنْ ذَلِكَ : أُصَدِّقُهُ بِخَبَرِ السَّمَاءِ فِي غُدْوَةٍ أَوْ رَوْحَةٍ. فَلِذَلِكَ سُمِّيَ أَبُو بَكْرٍ الصِّدِّيقَ (السيرة النبوية)

(ഇതിലും വലിയ വഹ്‌യ്ൽ വിശ്വസിക്കുന്ന എനിക്ക് ഇതിൽ ദൃഢവിശ്വാസമുണ്ട്. നബി (സ) പറഞ്ഞ താണെങ്കിൽ അത് സത്യം തന്നെ. അങ്ങനെയാണ് അദ്ദേഹത്തിന് സിദ്ദീഖ് എന്ന അപരനാമം ലഭിച്ചത്).

ഈ മഹാസംഭവത്തിൽ നമുക്ക് പാഠങ്ങളുണ്ട്.

1. പ്രതിസന്ധി ഘട്ടത്തിൽ ഒരു യഥാർത്ഥ സത്യ വിശ്വാസിയെ അല്ലാഹു രക്ഷിക്കും. കൈവിടില്ല..

وَكَانَ حَقًّا عَلَيْنَا نَصْرُ الْمُؤْمِنِينَ (الروم ٤٧)

إِنَّ وَلِيِّيَ اللَّهُ الَّذِي نَزَّلَ الْكِتَابَ ۖ وَهُوَ يَتَوَلَّى الصَّالِحِينَ (الأعراف ١٩٦)

ഇതാണ് ഖുനൂത്തിൽ നാം തേടുന്നത്. .......وتولّني

2. അവസാന സമയം അല്ലാഹു രക്ഷയുടെ വഴി തുറക്കും. പക്ഷേ നാം യഥാർത്ഥ മുസ്‌ലിമീങ്ങളാവണം.

عَنْ عَبْدِ اللَّهِ بْنِ عَبَّاسٍ رَضِيَ اللَّهُ عَنْهُمَا قَالَ: "كُنْت خَلْفَ رَسُولِ اللَّهِ صلى الله عليه وسلم يَوْمًا، فَقَالَ: يَا غُلَامِ! إنِّي أُعَلِّمُك كَلِمَاتٍ: احْفَظْ اللَّهَ يَحْفَظْك،احْفَظْ اللَّهَ تَجِدْهُ تُجَاهَك... (ترمذي)

3. ഈ വലിയ നിഅ്മതിന് നന്ദിയുള്ളവരായി ജീവിക്കുക. വരും നാളുകൾ നന്മയുടെ ദിനങ്ങളാക്കുക അതിന്റെ ഭാഗമാണ് മിഅ്റാജ് ദിനത്തിലെ നോമ്പ്.

* وأما الأيام الفاضلة فتسعة عشر ........ ويوم سبعة وعشرين من رجب له شرف عظيم روى أبو هريرة أن رسول الله صلى الله عليه وسلم قال من صام يوم سبع وعشرين من رجب كتب الله له صيام ستين شهراً (إحياء ١/١٠٥)

* ويستحب صوم يوم المعراج ( باجوري ١/٣١٤)

വിശിഷ്യാ നോമ്പ് മുഅക്കദായ സുന്നത്തുള്ള വ്യാഴാഴ്ച മിഅ്റാജ് ദിനമാകുമ്പോൾ പ്രത്യേകം ശ്രദ്ധിക്കണം.

(അവസാനിച്ചില്ല)

തയ്യാറാക്കിയത്:

സി.എ. മൂസാ മൗലവി മുവാറ്റുപുഴ.

9447465648